# KERALA POLICE INFORMATION CENTRE

No.03/PR/PIC/PHQ/10 Date : 04 /01/10

## സംസ്ഥാനത്ത് കൊലപാതകങ്ങൾ കുറയുന്നു

2009 വർഷത്തിൽ കേരളത്തിൽ നടന്ന കൊലപാതകങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നതായി സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ വ്യക്തമാക്കുന്നു. 321 കൊലപാതകങ്ങളാണ് 2009-ൽ കേരളത്തിൽ നടന്നത്. സംസ്ഥാനത്ത് ഒട്ടാകെ നടന്ന കൊലപാതക കേസുകളുടെ എണ്ണം 1991 ൽ 561 ആയിരുന്നപ്പോൾ 2001 വർഷത്തിൽ ഇത് 463 ആയിരുന്നു. 2006 വർഷത്തിൽ 393 കൊലപാതകങ്ങളാണ് നടന്നത്. ഈ കഴിഞ്ഞ വർഷം 321 കൊലപാതകങ്ങൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.

ഏറ്റവും കുറഞ്ഞ കൊലപാതക കേസ്സുകൾ റിപ്പോർട്ട് ചെയ്തത് വയനാട്, കണ്ണൂർ ജില്ലകളിലാണ്. ഇവിടെ യഥാക്രമം എട്ടും പന്ത്രണ്ടും കേസുകളാണ് കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്യപ്പെട്ടത്.

### കൊലപാതകനിരക്ക്

കൊലപാതകങ്ങളെപ്പറ്റി പഠിക്കേണ്ടത് അവയുടെ എണ്ണത്തെ മാത്രം ആധാരമാക്കിയല്ല. ജനസംഖ്യാനുപാതികമായി നടക്കുന്ന കൊലപാതകങ്ങളാണ് ശാസ്ത്രീയ അപഗ്രഥനത്തിന് വിഷയമാക്കേണ്ടത്. ഇത്തരത്തിൽ അപഗ്രഥിക്കുമ്പോൾ ഒരുലക്ഷം ജനസംഖ്യക്ക് 1.56 കൊലപാതകങ്ങൾ എന്ന നിരക്ക് രേഖപ്പെടുത്തിയ ഇടുക്കി ജില്ലയിലും 1.54 നിരക്ക് രേഖപ്പെടുത്തിയ കാസർഗോഡ് ജില്ലയിലുമാണ് സംസ്ഥാനത്ത് നിരക്ക് കൂടുതലുള്ളത്. ഏറ്റവും കുറവ് കൊലപാതക നിരക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് 0.46 നിരക്ക് രേഖപ്പെടുത്തിയ കണ്ണൂർ ജില്ലയാണ്.

കേരളത്തിലെ മൊത്തം കൊലപാതകനിരക്ക് 0.94 ആണ്. 1971 വർഷത്തിൽ കേരളത്തിലെതന്നെ കൊലപാതക നിരക്ക് ഒരു ലക്ഷത്തിന് രണ്ട് എന്ന നിലയിൽ നിന്നാണ് കേരളത്തിന് ഈ നേട്ടം കൈവരിക്കാനായത്. നിലവിലുള്ള ദേശീയ നിലവാരം ഒരു ലക്ഷത്തിന് മൂന്ന് ആണ്.

# CRIMES IN 2009

| DISTRICT | TOTAL MURDERS IN 2009 | ESTIMATED POPULATION 2009 IN LAKHS | MURDERS PER 1LAKH OF PEOPLE |
|---|---|---|---|
| KNR | 12 | 25.9 | 0.46 |
| MPM | 23 | 39.0 | 0.59 |
| TSR | 20 | 31.9 | 0.63 |
| KKD | 20 | 31.0 | 0.65 |
| ALP | 18 | 23.5 | 0.76 |
| KTM | 19 | 21.0 | 0.91 |
| WYD | 8 | 8.4 | 0.95 |
| TVM | 33 | 34.4 | 0.96 |
| KLM | 33 | 27.8 | 1.19 |
| PTA | 16 | 13.2 | 1.21 |
| PKD | 36 | 28.2 | 1.28 |
| EKM | 44 | 33.4 | 1.32 |
| KSD | 20 | 13.0 | 1.54 |
| IDK | 19 | 12.1 | 1.56 |




**DISTRICTS OF KERALA -MURDERS PER ONE LAKH OF PEOPLE**

FOR KERALA AS A WHOLE, THE MURDER RATE IS 0.94 MURDERS PER LAKH OF PEOPLE.

THE CURRENT INDIAN NATIONAL AVERAGE IS 3 MURDERS PER LAKH OF PEOPLE,

IN 1971, KERALA HAD A MURDER RATE OF 2 MURDERS PER LAKH OF PEOPLE.